സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡ് കോമ്പൗണ്ട് - ഓഫീസുകളിലെ ഡ്യൂട്ടി വ്യവസ്ഥ പുനക്രമീകരിച്ച സംഗതി - ആവശ്യമായ ഭേദഗതികൾ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: ആർ.ഒ.സി. 16838/2017/എസ്റ്റാ-2 നന്തൻകോട്, 24-1-2018

---

പരാമർശം :- 1) 21-12-2017 ലെ മേൽ നമ്പർ ഉത്തരവ്.
2) 04-1-2018 ലെ മേൽ നമ്പർ ഉത്തരവ്.
3) ലാന്റ് സ്പെഷ്യൽ ആഫീസറുടെ 08-1-2018 ലെ LSO 293/17 -ാം നമ്പർ റിപ്പോർട്ട്.
4) ശ്രീ. എസ്. ആർ. സുനിൽകുമാറിന്റെ 08-1-2018 ലെ അപേക്ഷ.
5) ദേവസ്വം കമ്മീഷണറുടെ 11-1-2018 ലെ ROC 14555/12/Est-B നമ്പർ റിപ്പോർട്ട്.
6) ശ്രീ. കെ. വിനോദ്ചന്ദ്രന്റെ 16-1-2018 ലെ അപേക്ഷ.

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡ് കോമ്പൗണ്ട് ഓഫീസുകളിലെ എസ്റ്റാബ്ലിഷ്മെന്റ്/ക്ലാസ്സ്ഫോർ വിഭാഗം ജീവനക്കാരുടെ ഡ്യൂട്ടിവ്യവസ്ഥ റദ്ദ് ചെയ്ത് പരാമർശം 1 ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് ബോർഡ് ടി വിഷയം വിശദമായി പരിശോധിച്ച് ഇക്കാര്യത്തിൽ ആവശ്യമായ പുനർക്രമീകരണം ഏർപ്പെടുത്തി പരാമർശം 2 ഉത്തരവ് പുറപ്പെടുവിച്ചു.

അതിനെ തുടർന്ന് ലഭിച്ച പരാമർശം 3 മുതൽ 6 വരെയുള്ള റിപ്പോർട്ടുകൾ, അപേക്ഷകൾ എന്നിവ ബോർഡ് വിശദമായി പരിശോധിച്ച് ചർച്ച ചെയ്ത് ചുവടെ വിവരിക്കുന്ന ഭേദഗതികൾ വരുത്തി ഉത്തരവാകുന്നു.

1. ലാന്റ് സ്പെഷ്യൽ ആഫീസിൽ ആഫീസ് ജോലികൾ കൂടാതെ റിക്കാർഡ് ശേഖരണം സർവ്വെ പ്രവർത്തനങ്ങൾ തുടങ്ങിയ ഫീൽഡ് ജോലികൾ കൂടി നിർവ്വഹിക്കുന്നതിന് പുരുഷ ജീവനക്കാരന്റെ സേവനം അനിവാര്യമാണെന്നതിനാൽ നിലവിൽ ടി ആഫീസിൽ ഡ്യൂട്ടി വ്യവസ്ഥയിൽ നിയോഗിച്ചിരുന്ന വൈക്കം ഗ്രൂപ്പിലെ വൈക്കം ദേവസ്വം തളി ശ്രീമതി. സരിതയുടെ ഡ്യൂട്ടി റദ്ദ് ചെയ്തും ടിയാൾക്ക് പകരം തിരുവനന്തപുരം ഗ്രൂപ്പിലെ ശ്രീവരാഹം ദേവസ്വം വാച്ചർ ശ്രീ. ഗോപു. ജി. നായരെ ഡ്യൂട്ടിവ്യവസ്ഥയിൽ നിയോഗിച്ചും ഉത്തരവാകുന്നു.
2. ചീഫ് എഞ്ചിനീയർ (ജനറൽ) ആഫീസിൽ പ്യൂൺ ആയി ഡ്യൂട്ടി വ്യവസ്ഥയിൽ നിയോഗിച്ചിരുന്ന ഉള്ളൂർ ഗ്രൂപ്പിലെ തൃപ്പാപ്പൂർ ദേവസ്വം പഞ്ചവാദ്യം ശ്രീ. കെ. വിനോദ് ചന്ദ്രൻ ശാരീരിക അസ്വാസ്ഥ്യം നേരിടുന്നതിനാൽ ഡ്യൂട്ടി വ്യവസ്ഥ റദ്ദ് ചെയ്യുന്നതിലേക്ക് സമർപ്പിച്ച അപേക്ഷ പരിഗണിച്ച് ടിയാന്റെ

(മറുപുറം)

ഡ്യൂട്ടി വ്യവസ്ഥ റദ്ദ് ചെയ്തും പരാമർശം 4 റിപ്പോർട്ട് പരിഗണിച്ച് കൊല്ലം ഗ്രൂപ്പിൽപ്പെട്ട രാമേശ്വരം ദേവസ്വം കഴകം ശ്രീമതി. എൽ. ശ്രീകലയെ ടിയാന് പകരം ഡ്യൂട്ടി വ്യവസ്ഥയിൽ നിയോഗിച്ചും ഉത്തരവാകുന്നു.

3. പരാമർശം 6 അപേക്ഷ പരിഗണിച്ച് തിരുവനന്തപുരം എക്സിക്യൂട്ടീവ് എഞ്ചിനീയർ ആഫീസിൽ ഹെഡ് ഡ്രാഫ്റ്റ്സ്മാനായി ഡ്യൂട്ടി വ്യവസ്ഥയിൽ നിയോഗിച്ചിരുന്ന ഫിനാൻസ് & അക്കൗണ്ട്സ് ആഫീസിലെ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. എസ്.ആർ. സുനിൽകുമാറിന്റെ ഡ്യൂട്ടി വ്യവസ്ഥ റദ്ദ് ചെയ്ത് ഉത്തരവാകുന്നു.
4. ചീഫ് എഞ്ചിനീയർ (ജനറൽ) ആഫീസിൽ ഒഴിവുള്ള തസ്തികയിൽ ഒരു അസിസ്റ്റന്റ് എഞ്ചിനീയറുടെ സേവനം അനിവാര്യമാണെന്ന് ചീഫ് എഞ്ചിനീയർ (ജനറൽ) അറിയിച്ചു. കോട്ടയം സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. രാജശേഖരൻ ഉണ്ണിത്താനെ ചീഫ് എഞ്ചിനീയർ (ജനറൽ) ആഫീസിൽ ഡ്യൂട്ടി വ്യവസ്ഥയിൽ നിയോഗിച്ച് ഉത്തരവാകുന്നു.
5. ദേവസ്വം ബോർഡ് ആഫീസിലെ കോളേജ് സെക്ഷനിൽ ഡ്യൂട്ടിവ്യവസ്ഥയിൽ ജോലി നോക്കിയിരുന്ന കീഴൂർ സ്വാശ്രയ കോളേജിലെ ക്ലാർക്ക് ശ്രീമതി. എസ്. സരിതയുടെ ഡ്യൂട്ടി വ്യവസ്ഥ റദ്ദ് ചെയ്തിരുന്നു. ആയത് കോളേജ് സെക്ഷന്റെ പ്രവർത്തനങ്ങളെ സാരമായി ബാധിച്ചിട്ടുള്ളതും ടിയാൾ ഡ്യൂട്ടി വ്യവസ്ഥയിൽ ജോലി നോക്കുന്നത് ബോർഡിന് മറ്റ് സാമ്പത്തിക ബാദ്ധ്യത വരുത്തുന്ന സംഗതിയല്ലാ എന്നതിനാലും ശ്രീമതി. എസ്. സരിതയെ ബോർഡ് ആഫീസിലെ കോളേജ് സെക്ഷനിൽ ഡ്യൂട്ടി വ്യവസ്ഥയിൽ നിയോഗിച്ച് ഉത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനു വേണ്ടി

(ഒപ്പ്)
**സെക്രട്ടറി**

അറിവിനും നടപടിക്കുമായി പകർപ്പ് :-

1. ദേവസ്വം കമ്മീഷണർ
2. ചീഫ് എഞ്ചിനീയർ (ജനറൽ)
3. ഫിനാൻസ് & അക്കൗണ്ട്സ് ആഫീസർ
4. എക്സിക്യൂട്ടീവ് എഞ്ചിനീയർ, തിരുവനന്തപുരം
5. അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ, വൈക്കം ഗ്രൂപ്പ്/ഉള്ളൂർ ഗ്രൂപ്പ്/തിരുവനന്തപുരം ഗ്രൂപ്പ്/കൊല്ലം
6. അസിസ്റ്റന്റ് എഞ്ചിനീയർ, കോട്ടയം
7. ലാന്റ് സ്പെഷ്യൽ ആഫീസർ
8. പ്രിൻസിപ്പൾ, ദേവസ്വം ബോർഡ് കോളേജ്, കീഴൂർ
9. ഇ.ഡി.പി സെക്ഷൻ
10. സെക്ഷൻ ഫയൽ
11. ഫയൽ ബുക്ക്
12. ഫെയർ ആഫീസ് കോപ്പി.

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി

SK